www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ


വിശുദ്ധ വേദവായനക്കുറിപ്പ്

2026-2027

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ

വിശുദ്ധ വേദവായനക്കുറിപ്പ്



2026 - 2027

www.malankaralibrary.com



Imprimatur

✠ **Moran Mor Baselios Cardinal Cleemis**

Major Archbishop-Catholicos

of

The Syro-Malankara Catholic Church

20 September 2026

Prepared by

The Synodal Commission for Liturgy

Published by

The Major Archiepiscopal Curia

Catholicate Centre, Pattom, Trivandrum - 695 004

Layout & Printing

St. Mary's Press, Pattom, Trivandrum

Phone : 0471 - 2446116, 9447648353

E-mail:stmaryspresspattom@gmail.com

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശുദ്ധ വേദവായനക്കുറിപ്പ്
2026-2027

ഈ സഭാ പഞ്ചാംഗത്തിൽ ആണ്ടടക്കമുള്ള മാറാനായ പെരുന്നാളുകളും, അതു പോലെ പ്രാധാന്യം അർഹിക്കുന്ന പെരുന്നാളുകളും മറ്റ് വിശേഷ ദിവസങ്ങളും ചേർത്തിട്ടുണ്ട്. നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹായുടെ രക്ഷാകര വ്യാപാരങ്ങളെ അനുസ്മരിപ്പിക്കുന്ന മാറാനായ പെരുന്നാളുകളും അതി പ്രധാനങ്ങളായ മറ്റ് പെരുന്നാളുകളും ഞായറാഴ്ചപോലെ തന്നെ അനുഷ്ഠിക്കേണ്ടവയാണ്. ഈ ദിവസങ്ങളിൽ വി. കുർബാനയിൽ സംബന്ധിക്കുകയും, ലൗകിക വേലകളിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും വേണം. വേദവായന, ധ്യാനം, പ്രാർത്ഥന, മറ്റ് സത്കൃത്യങ്ങൾ എന്നിവയിൽ ഏർപ്പെട്ട് ഈ ദിവസങ്ങൾ വിശുദ്ധമായി ആചരിക്കുവാൻ വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കണം. പ്രധാന പെരുന്നാളുകളെയും അവയുടെ അനുഷ്ഠാന രീതികളെയും സംബന്ധിച്ച് പട്ടക്കാരൻ തലേ ഞായറാഴ്ചകളിൽ പള്ളികളിൽ പ്രസ്താവിക്കേണ്ടതാണ്.

മാറാനായ പെരുന്നാളുകളും അതുപോലെ ആചരിക്കേണ്ട മറ്റ് പെരുന്നാളുകളും താഴെ ചേർത്തിരിക്കുന്നു.

മാറാനായ പെരുന്നാളുകൾ

1. യൽദാ (ക്രിസ്തുമസ്)
2. ദനഹാ (നമ്മുടെ കർത്താവിന്റെ മാമോദീസാ)
3. മായൽത്തോ (നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം)
4. ക്യംതാ (ഉയിർപ്പ്)
5. സൂലോക്കോ (സ്വർഗാരോഹണം)
6. പെന്തിക്കൊസ്തി (അൻപതാം പെരുന്നാൾ)
7. മ്ത്താലെ (നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം)

മാറാനായ പെരുന്നാളുകൾ പോലെ ആചരിക്കേണ്ട പെരുന്നാളുകൾ

1. മാർച്ച് 25	**സൂബ്രോറോ (വചനിപ്പ് പെരുന്നാൾ)**
2. ജൂൺ 29	**പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ**
3. ജൂലൈ 3	**ദുക്റോനോ (മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വം)**
4. ഓഗസ്റ്റ് 15	**ശൂനോയോ (ദൈവമാതാവിന്റെ സ്വർഗാരോപണം)**
5. സെപ്റ്റം. 14	**സ്ലീബാപ്പെരുന്നാൾ**

www.malankaralibrary.com

പെസഹാവ്യാഴാഴ്ച

നമ്മുടെ കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മ ദിവസം. ഈ ദിവസം ആബാലവൃദ്ധം വിശ്വാസികളും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും യോഗ്യതാപൂർവം വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യണം.

ദുഃഖ വെള്ളിയാഴ്ച

ഈ ദിവസം ദിവ്യ ശുശ്രൂഷകളിൽ എല്ലാവരും സംബന്ധിക്കണം.

പെസഹാക്കാലം

പെസഹാക്കാലം എന്നത് അമ്പതുനോമ്പിന്റെ ആരംഭം മുതൽ പെന്തിക്കൊസ്തി കഴിഞ്ഞു വരുന്ന ഞായറാഴ്ച വരെയുള്ള കാലഘട്ടമാണ്.

നോമ്പുകൾ

1. കാനോനിക നോമ്പുകൾ [മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പാരമ്പര്യം അനുസരിച്ച് പാലിക്കാൻ കടമയുള്ള നോമ്പുകൾ (CPCSMCC c.569)]**.**

1)	ഇരുപത്തിയഞ്ചു നോമ്പ്	2026 ഡിസംബർ 1 - 25
2)	മൂന്നു നോമ്പ്	2027 ജനുവരി 18 - 21
3)	വലിയ നോമ്പ്	2027 ഫെബ്രുവരി 8 - മാർച്ച് 28

2. ഭക്തിപരമായ നോമ്പുകൾ [മേല്പറഞ്ഞ നോമ്പുകൾ കൂടാതെ, സഭയിൽ ഭക്തിപരമായി ആചരിച്ചുവരുന്ന നോമ്പുകൾ].

1)	ശ്ലീഹാ നോമ്പ്	2027 ജൂൺ 16 - 29
2)	പതിനഞ്ച് നോമ്പ്	2027 ഓഗസ്റ്റ് 1 - 15
3)	എട്ടുനോമ്പ്	2027 സെപ്റ്റംബർ 1 - 8

3. മാർ ഈവാനിയോസ് നോമ്പ് [ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾക്കു ആത്മീയ സഹായം നൽകുന്നതിലേക്കായി വിശ്വാസികൾ ഭക്തിയോടെ ആചരിക്കുന്ന നോമ്പ്. കാനോനികമായി നിർബന്ധമില്ലാത്ത നോമ്പാണിത്] 2026 ജൂലൈ 1 - 15.

വർജ്ജന

എല്ലാ വെള്ളിയാഴ്ചകളിലും, ഇരുപത്തിയഞ്ച് നോമ്പ്, മൂന്നു നോമ്പ്, വലിയ നോമ്പ് ഈ കാലങ്ങളിലും എല്ലാവരും മാംസം വർജ്ജിക്കണം. എന്നാൽ മൂന്നു നോമ്പ് കഴിഞ്ഞ് അമ്പത് നോമ്പുവരെയുള്ള 18 ദിവസങ്ങളിലും ക്വംതാ മുതൽ പെന്തിക്കൊസ്തിവരെയുള്ള 50 ദിവസങ്ങളിലും മാംസവർജ്ജനയില്ല.

മൂന്നു നോമ്പിലും, വലിയ നോമ്പിലെ ഒന്നാം തിങ്കളാഴ്ച (ശുബ്ക്കോനോ)യിലും, എല്ലാ വെള്ളിയാഴ്ചകളിലും, 40 - ാം വെള്ളിയാഴ്ച മുതൽ ക്വംതാ വരെയുള്ള ദിവസങ്ങളിലും മത്സ്യവും മുട്ടയും, ദുഃഖവെള്ളിയാഴ്ച മേൽപ്പറഞ്ഞവ കൂടാതെ

www.malankaralibrary.com

പാലും പാലിൽ നിന്നുണ്ടാക്കുന്ന വിഭവങ്ങളും വർജ്ജിക്കണം. നോമ്പ് വീടുന്നത് ഏതു ദിവസമായാലും അന്ന് വർജ്ജനയില്ല.

ഉപവാസം

21 വയസ്സിന് മേൽ 60 വയസ്സിന് താഴെയുള്ളവർ മൂന്നു നോമ്പിന്റെ രണ്ടാം ദിവസവും വലിയ നോമ്പിന്റെ ഒന്നാം തിങ്കളാഴ്ചയും, എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചവരെയെങ്കിലും ഉപവസിക്കണം. രോഗികളും ഗർഭിണികളും കഠിനവേല ചെയ്യുന്നവരും ഈ ഉപവാസത്തിന് കടപ്പെട്ടവരല്ല.

വിവാഹവിലക്ക്

നമ്മുടെ സഭയിലെ വിവാഹ ആഘോഷം സംബന്ധിച്ചുള്ള ചില പ്രത്യേക നിബന്ധനകൾ പരിശുദ്ധ സുന്നഹദോസ് നൽകുന്നു. **വിവാഹ ആഘോഷം അനുവദിച്ചിട്ടുള്ള കാലയളവിൽതന്നെ വിവാഹകൂദാശ നടത്തുന്നതിനാണ് സഭ ആഗ്രഹിക്കുന്നത്.** ഇരുപത്തിയഞ്ച് നോമ്പ്, മൂന്നു നോമ്പ്, വലിയ നോമ്പ്, കാത്തിരിപ്പ്കാലം (സ്വർഗാരോഹണം മുതൽ പെന്തിക്കൊസ്തി വരെ) എന്നീ കാലങ്ങളിൽ നമ്മുടെ സഭയിൽ വിവാഹ ആഘോഷം വിലക്കപ്പെട്ടിരിക്കുന്നു. എന്നാൽ വിലക്കുള്ള കാലത്ത് ഗൗരവമേറിയ കാരണങ്ങളാൽ വിവാഹം നടത്തുവാൻ വിശ്വാസികൾക്ക് വിടുതൽ (dispensation) നൽകുന്നതിന് അതിഭദ്രാസന/ ഭദ്രാസനാദ്ധ്യക്ഷന്മാർക്ക് അധികാരമുണ്ട്. **ഏറ്റം ഗൗരവമേറിയ കാരണങ്ങളുള്ളപ്പോൾ മാത്രമേ നമ്മുടെ വിശ്വാസികൾ ഈ അനുവാദത്തിനായി അപേക്ഷിക്കാവൂ എന്ന് ഓർമ്മിപ്പിക്കുന്നു.** അജപാലന ക്രമീകരണത്തിൽ വിവിധ സ്ഥലങ്ങളിലുള്ള വിശ്വാസി സമൂഹത്തിന്റെ ആവശ്യങ്ങളെ അനുഭാവപൂർവം പരിഗണിച്ച്, കാത്തിരിപ്പ്കാലത്തും (സ്വർഗാരോഹണം മുതൽ പെന്തിക്കൊസ്തി വരെ) ഇരുപത്തിയഞ്ചു നോമ്പിന്റെ ദിനങ്ങളിലും അമ്പതുനോമ്പിലെ (വലിയ നോമ്പ്) ആദ്യത്തെ ഇരുപത്തിയഞ്ചു ദിവസങ്ങളിലും (പകുതി നോമ്പുവരെ) വിവാഹം നടത്തുന്നതിന് ഈ പ്രത്യേക അനുവാദത്തിനായി അപേക്ഷിക്കാവുന്നതാണ്. അത്തരത്തിലുള്ള വിടുതൽ കിട്ടാൻ ആനുപാതികമായ പ്രായശ്ചിത്ത നേർച്ച സമർപ്പണം ഭദ്രാസന കാര്യാലയത്തിൽ അടയ്ക്കേണ്ടതാണ്. ഈ തുക നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹ സഹായത്തിനായി ഉപയോഗിക്കുന്നതാണ്. **മൂന്നുനോമ്പു ദിവസങ്ങളിലും നാൽപ്പതാം വെള്ളിയാഴ്ച മുതൽ ഉയിർപ്പുവരെയുള്ള ദിനങ്ങളിലും വിവാഹം നടത്തുവാനുള്ള അനുവാദം ഒരു കാരണത്തിന്റെപേരിലും നൽകുന്നതല്ലായെന്ന് ഏവരെയും അറിയിക്കുന്നു.** നോമ്പുകാലത്ത് നടത്തുന്ന വിവാഹ ആഘോഷ സത്ക്കാരങ്ങളിൽ നമ്മുടെ സഭ നിർദ്ദേശിച്ചിട്ടുള്ള മാംസവർജ്ജന നിർബന്ധമായും പാലിക്കേണ്ടതാണ്. നോമ്പുകാലത്ത് നടത്തുന്ന മറ്റ് എല്ലാ ആഘോഷങ്ങളിലും സഭ കൽപിച്ചിട്ടുള്ള വർജ്ജന പാലിക്കേണ്ടതാണ്. **നോമ്പുകാലത്ത് പ്രത്യേക അനുവാദത്തോടെ നടത്തുന്ന വിവാഹം നമ്മുടെ സഭയിലെ മെത്രാന്മാർ ആശീർവദിക്കുന്നതല്ല.** (Ref. Prot No. CPL 3/2009)

www.malankaralibrary.com

ജനങ്ങൾക്കുവേണ്ടിയുള്ള വിശുദ്ധ കുർബാന

പൗരസ്ത്യ കാനോൻ അനുസരിച്ച് ഇടവക വികാരിമാരും മിഷൻ സുപ്പീരിയർമാരും ആണ്ടുവട്ടത്തിൽ പ്രധാന പെരുന്നാളുകളിൽ പത്തു പ്രാവശ്യമെങ്കിലും ജനങ്ങൾക്കുവേണ്ടിയുള്ള വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്. ആ തിരുനാൾ ദിവസങ്ങൾ താഴെ വരും പ്രകാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

(1) ക്രിസ്തുമസ് (2) ദനഹാ (3) വചനിപ്പുപെരുന്നാൾ (4) ക്യംതാ (5) സ്വർഗാരോഹണം (6) പെന്തിക്കൊസ്തി (7) മാർ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (8) മാർ തോമാശ്ലീഹായുടെ ദുക്റോനോ (9) ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ (10) ദൈവമാതാവിന്റെ സ്വർഗാരോപണം.

സ്മരണീയ ചരിത്ര ദിനങ്ങൾ

52 എ.ഡി.	മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നു. സ്ഥാപിച്ച പള്ളികൾ: കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടക്കാവ്), കോക്കമംഗലം, ചായൽ, നിരണം, കൊല്ലം.
72 ജൂലൈ 3	മാർത്തോമാശ്ലീഹാ വേദസാക്ഷിമുടി പ്രാപിച്ചു.
345 എ.ഡി.	ക്നായിത്തൊമ്മൻ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി.
1599 ജൂൺ 20 - 26	ഉദയംപേരൂർ സുന്നഹദോസ്.
1653 ജനു 3	കൂനൻ കുരിശുസത്യം (പോർച്ചുഗീസ് ഭരണത്തിനെതിരെ).
1882 സെപ്തം 21	ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജനനം.
1908 സെപ്തം 15	ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വൈദികപട്ടം.
1919 ഓഗസ്റ്റ് 15	റവ. ഫാ. പി.റ്റി. ഗീവർഗീസ് (പിന്നീട് മാർ ഈവാനിയോസ് മെത്രാപ്പോലിത്താ) മലങ്കര ഓർത്തഡോക്സ് സഭയിൽ റാന്നി - പെരുന്നാട്ടിൽ ബഥനി ആശ്രമം സ്ഥാപിക്കുന്നു.
1925 മെയ് 1	ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകം (മലങ്കര ഓർത്തഡോക്സ് സഭയിൽ). നിരണത്തുവച്ച് നടന്ന ഈ മെത്രാഭിഷേകത്തിന് പരിശുദ്ധ ബസേലിയോസ് കാതോലിക്കാ ബാവാ (വാകത്താനം മാർ പീലക്സിനോസ്) മുഖ്യകാർമ്മികനും കണ്ടനാട് മെത്രാപ്പോലീത്താ യൂയാക്കിം മാർ ഈവാനിയോസ്, നിരണം മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് (പിന്നീട് മൂന്നാം കാതോലിക്കാ ബാവാ) എന്നീ തിരുമേനിമാർ സഹകാർമ്മികരുമായിരുന്നു.

www.malankaralibrary.com

1925 സെപ്തം. 21 ബഥനി സന്യാസിനി സമൂഹ സ്ഥാപനം.

1926 പരുമല സുന്നഹദോസ് (മലങ്കര ഓർത്തഡോക്സ് സഭ) (റോമുമായുള്ള ഐക്യ ചർച്ചകൾക്കായി മാർ ഈവാനിയോസിനെ ഓർത്തഡോക്സ് സഭാ സുന്നഹദോസ് ചുമതലപ്പെടുത്തുന്നു).

1926 നവം 11 തോമസ് മാർ ദിയസ്കോറസ് തിരുമേനിയുടെ മെത്രാഭിഷേകം (ക്നാനായ യാക്കോബായ സഭ).

1929 ഫെബ്രു 16 യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ മെത്രാഭിഷേകം (മലങ്കര ഓർത്തഡോക്സ് സഭയിൽ). കോട്ടയത്തു വച്ചു നടന്ന ഈ മെത്രാഭിഷേകത്തിന് മൂന്നാം കാതോലിക്കാ ബാവാ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ മുഖ്യകാർമ്മികനും വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ, ബഥനിയുടെ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരുമായിരുന്നു.

1930 സെപ്റ്റം 20 **മലങ്കര പുനരൈക്യദിനം**

മലങ്കര ഓർത്തഡോക്സ് സഭയിലെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, മാർ തെയോഫിലോസ് എപ്പിസ്കോപ്പാ, റവ. ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി., ഡീക്കൻ അലക്സാണ്ടർ ഒ.ഐ.സി., ശ്രീ. ചാക്കോ കിളീലേത്ത് എന്നിവരുടെ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യം (കൊല്ലം അരമന ചാപ്പലിൽ അഭിവന്ദ്യ അലോഷ്യസ് ബൻസിഗർ തിരുമേനി സ്വീകരിച്ചു).

1932 ജൂൺ 11 മലങ്കര കത്തോലിക്കാ സുറിയാനി ഹൈരാർക്കി സ്ഥാപനം. തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും തിരുവല്ലാ ഭദ്രാസനത്തിന്റെയും സ്ഥാപനം.

1933 മാർച്ച് 12 മലങ്കര കത്തോലിക്കാ സുറിയാനി ഹൈരാർക്കി ഉദ്ഘാടനം, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഉദ്ഘാടനം, പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം പാളയം സമാധാനരാജ്ഞി പ്രോ-കത്തീഡ്രലിൽ.

1933 മാർച്ച് 13 മലങ്കര കത്തോലിക്കാ സുറിയാനി ഹൈരാർക്കി സ്ഥാപനത്തിനുശേഷം ആർച്ചുബിഷപ് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ കാർമികത്വത്തിലും യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ സഹകാർമികത്വത്തിലും

www.malankaralibrary.com

	ആദ്യ വി. കുർബാന പാളയം സമാധാനരാജ്ഞി പ്രോ-കത്തീഡ്രലിൽ.
1933 മെയ് 25	മലങ്കര ഓർത്തഡോക്സ് സഭയിലെ നിരണം മെത്രാപ്പോലീത്താ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേകം (മലങ്കര ഓർത്തഡോക്സ് സഭ).
1933 നവം 6	തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
1937 നവം 29	ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം.
1938 മെയ് 8	മേരീമക്കൾ സന്യാസിനീ സമൂഹ സ്ഥാപനം
1938 നവം 20	തിരുവല്ലാ ഭദ്രാസനത്തിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ നിയമനം.
1939 നവം 12	ക്നാനായ യാക്കോബായ സഭയിലെ തോമസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ പുനരൈക്യം.
1943 ഫെബ്രു 22	തോമസ് മാർ ദിയസ്കോറോസ് തിരുമേനി കാലം ചെയ്തു. തിരുമൂലപുരം സെന്റ് മേരീസ് ദൈവാലയത്തിൽ കബറടക്കി.
1950 മെയ് 5	തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷനായി ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
1953 ജനു 29	തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മെത്രാഭിഷേകം.
1953 ജൂലൈ 15	ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലംചെയ്തു.
1954 ഏപ്രി 22	തിരുവല്ലാ ഭദ്രാസനത്തിന്റെ സഹായമെത്രാൻ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി യുടെ മെത്രാഭിഷേകം.
1955 ജനു 18	ജോസഫ് മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തു.
1955 ജനു 22	തിരുവനന്തപുരം അതിഭദ്രാസന ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
1955 ജനു 27	തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷനായി സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ സ്ഥാനാ രോഹണം.
1955 സെപ്റ്റം 20	പുനരൈക്യ രജതജൂബിലി തിരുവല്ലായിൽ.
1956 ജൂൺ 27	മാർ തെയോഫിലോസ് തിരുമേനി കാലം ചെയ്തു.

www.malankaralibrary.com

1962 ഒക്ടോ 11	21-ാം സാർവത്രിക സുന്നഹദോസ് (2-ാം വത്തിക്കാൻ കൗൺസിൽ) ആരംഭം.
	രണ്ടാം വത്തിക്കാൻ കൗൺസിലിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് തിരുവനന്തപുരം മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയും തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയും എല്ലാ സെഷനുകളിലും സംബന്ധിച്ചു.
1964 ഡിസം 4	പോൾ ആറാമൻ മാർപാപ്പയുടെ ഇന്ത്യാ സന്ദർശനം.
1965 ഫെബ്രു 22	തിരുവനന്തപുരം അതിഭദ്രാസന ദൈവാലയ പ്രതിഷ്ഠ (സെന്റ് മേരീസ് കത്തിഡ്രൽ).
1965 ഡിസം 8	21-ാം സാർവത്രിക സുന്നഹദോസ് സമാപനം.
1967 ഡിസം 16	പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ മെത്രാഭിഷേകം.
1968 ഫെബ്രു 28	'യുവദീപം' എന്നപേരിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യ യുവജന പ്രസ്ഥാനം തിരുവല്ലായിൽ രൂപീകൃതമായി. പ്രഥമ പ്രസിഡന്റായി ശ്രീ. വർഗീസ് കരിപ്പായിൽ തെരഞ്ഞെടുക്കപ്പെട്ടു.
1971 നവം	മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (MCYM) എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ യുവജന പ്രസ്ഥാനം തിരുവനന്തപുരം അതിഭദ്രാസനത്തിൽ രൂപീകൃതമായി. 1984-ൽ സഭയിൽ ഔദ്യോഗികമായി ഈ പേര് സ്വീകരിച്ചു.
1977 ഓഗസ്റ്റ് 28	മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാൻ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം (മലബാർ സ്വതന്ത്ര സുറിയാനി സഭ).
1977 സെപ്റ്റം 28	സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി കാലം ചെയ്തു.
1978 ജൂലൈ	മാർ ഈവാനിയോസ് തീർത്ഥാടന പദയാത്ര റാന്നി-പെരുന്നാട് മുണ്ടൻമലയിൽനിന്നും ആരംഭിച്ചു.
1978 ഒക്ടോ 28	ബത്തേരി ഭദ്രാസന സ്ഥാപനം.
1978 ഡിസം 28	സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെയും (ബത്തേരി ഭദ്രാസനം) ഐസക് മാർ യൂഹാനോൻ തിരുമേനിയുടെയും (തിരുവല്ലാ ഭദ്രാസനം) മെത്രാഭിഷേകം (തിരുമൂലപുരം).

www.malankaralibrary.com

1978 ഡിസം 29	തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ സ്ഥാനാരോഹണം.
1979 ഫെബ്രു 2	ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമമെത്രാൻ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
1980 ഡിസം 26 - 28	പുനരൈക്യ സുവർണ ജൂബിലി ആഘോഷ സമാപനം, കോട്ടയം.
1980 ഡിസം 27	തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായ മെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ മെത്രാഭിഷേകം.
1985 സെപ്തം 14	കോട്ടയത്ത് സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് സെന്റർ (SEERI) എന്ന സുറിയാനി പഠനകേന്ദ്രം ആരംഭിച്ചു.
1986 ഫെബ്രു 8	പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ മലങ്കര സഭാസന്ദർശനം (തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രൽ).
1987 ഏപ്രി 28	ഐസക്ക് മാർ യൂഹാനോൻ തിരുമേനി കാലംചെയ്തു.
1987 ഓഗസ്റ്റ് 18 - 19	പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ സൈമൺ ഡി ലൂർദുസ്വാമിയുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.
1988 ഏപ്രി 16	ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സി.ബി.സി.ഐ. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.
1988 ഓഗസ്റ്റ് 6	തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.
1989 മെയ് 25	തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ കൂദാശ.
1994 ഒക്ടോ 10	ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തു.
1995 ഡിസം 14	തിരുവനന്തപുരം അതിഭദ്രാസന ത്രിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
1996 ഫെബ്രു 11 - 13	പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അക്കിലെ കർദ്ദിനാൾ സിൽവെസ്ത്രീനിയുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.
1996 ഫെബ്രു 13 - 21	സി.ബി.സി.ഐ. സമ്മേളനം തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ.

www.malankaralibrary.com

1996 മാർച്ച് 2	മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അല്മായർക്കു വേണ്ടിയുള്ള പ്രേഷിതസംഘടന മലങ്കര കാത്തലിക് അസോസിയേഷന്റെ (എം.സി.എ.) രൂപീകരണം. (1999 ജനുവരി 26-ന് ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നു).
1996 ഡിസം 16	മാർത്താണ്ഡം ഭദ്രാസന സ്ഥാപനം.
1997 ജനു 23	മാർത്താണ്ഡം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ സ്ഥാനാരോഹണം.
1997 ഫെബ്രു 5	ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.
1997 ഏപ്രി 8	ലോറൻസ് മാർ അപ്രേം തിരുമേനി കാലം ചെയ്തു.
1997 ജൂലൈ 17	തിരുവല്ലാ സഹായമെത്രാൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകം.
1998 ജൂൺ 29	അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും (മാർത്താണ്ഡം ഭദ്രാസനം), ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും (തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ) മെത്രാഭിഷേകം (നാലാഞ്ചിറ).
1998 ജൂലൈ 1	മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ സ്ഥാനാരോഹണം.
1998 നവം 3	പൗലോസ് മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്തു.
2000 ജൂൺ 24	ആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനി സി.ബി.സി.ഐ. പ്രസിഡന്റായി ചുമതലയേറ്റു.
2001 ആഗ 15	തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ, വടക്കേ അമേരിക്കയുടേയും യൂറോപ്പിന്റേയും അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനിയുടെ മെത്രാഭിഷേകം (തിരുമൂലപുരം).
2003 ജനു 15	മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനം.
2003 ഫെബ്രു 6	മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
2003 മാർച്ച് 29	ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷന്റെ ഉത്തരവാദിത്വങ്ങളിൽനിന്നും വിരമിച്ചു.

www.malankaralibrary.com

2003 ഒക്ടോ 2	തിരുവല്ലാ ഭദ്രാസനത്തിന്റെ മെത്രാനായി അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനിയുടെ സ്ഥാനാരോഹണം.
2004 സെപ്റ്റം 20	തിരുവല്ലായിലെ പുതിയ ഭദ്രാസന ദൈവാലയപ്രതിഷ്ഠ.
2005 ഫെബ്രു 10	മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി എപ്പിസ് കോപ്പൽ സിംഹാസന സ്ഥാപനം.
2005 ഫെബ്രു 19	തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ, വടക്കേ അമേരിക്കയുടേയും യൂറോപ്പിന്റേയും അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ മെത്രാഭിഷേകം.
2005 മാർച്ച് 30 - ഏപ്രിൽ 1	മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അനൗദ്യോഗിക പ്രാരംഭ സുന്നഹദോസ് തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിൽ.
2005 ഏപ്രിൽ 2	ജോൺ പോൾ രണ്ടാമൻ മാർപാപ്പ കാലംചെയ്തു.
2005 ഏപ്രിൽ 8	റോമിൽ നടന്ന ജോൺ പോൾ രണ്ടാമൻ മാർപാപ്പാ യുടെ കബറടക്ക ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായും തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനിയും പങ്കെടുത്തു.
2005 മെയ് 14	മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമേനി യുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ സ്ഥാനാരോഹണം.
2005 മെയ് 16	തിരുവനന്തപുരത്ത് കാതോലിക്കേറ്റ് സെന്ററിന്റെ ശിലാശീർവാദകർമ്മം പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ ഇഗ്നാസ് കർദ്ദിനാൾ മൂസാ ദാവൂദ് നിർവഹിച്ചു.
2005 ഓഗസ്റ്റ് 16-18	മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ ഔദ്യോഗിക എപ്പിസ്കോപ്പൽ സുന്നഹദോസ് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ.
2005 സെപ്റ്റം 19-21	പുനരൈക്യ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ മാവേലിക്കരയിൽ.
2006 മെയ് 15	തിരുവല്ലാ അതിഭദ്രാസന സ്ഥാപനം, തിരുവല്ലാ കേന്ദ്രമായി മെത്രാപ്പോലീത്തൻ പ്രവിശ്യയുടെ സ്ഥാപനം.
2006 ജൂൺ 10	തിരുവല്ലാ അതിഭദ്രാസന പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ഐസക് മാർ ക്ലീമിസ് തിരുമേനിയുടെ സ്ഥാനാരോഹണം.

www.malankaralibrary.com

2006 സെപ്റ്റം 20, 21	76-ാം പുനരൈക്യവാർഷികവും സഭാസംഗമവും മൂവാറ്റുപുഴയിൽ.
2007 ജനു 1	മാവേലിക്കര ഭദ്രാസന സ്ഥാപനം.
2007 ജനു 18	മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ കാലം ചെയ്തു.
2007 ജനു 18	ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്താ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റു.
2007 ഫെബ്രു 8-10	മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ കാതോലിക്കാ ബാവായെ തെരഞ്ഞെടുക്കുവാനുള്ള പ്രഥമ സുന്നഹദോസ് തിരുവനന്തപുരത്ത് കാതോലിക്കേറ്റ് സെന്ററിൽ.
2007 ഫെബ്രു 10	മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവായായി മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ഐസക് മാർ ക്ലീമിസ് തിരുമേനിയെ പരി. സുന്നഹദോസ് തെരഞ്ഞെടുത്തു.
2007 ഫെബ്രു 16	മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
2007 മാർച്ച് 5	അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനി, 'മോറാൻ മോർ ബസേലിയോസ് ക്ലീമിസ്' എന്ന നാമത്തിൽ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവായായി സ്ഥാനാരോഹണം ചെയ്തു.
2007 മാർച്ച് 10	ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ മെത്രാഭിഷേകം.
2007 മാർച്ച് 22	ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി ചുമതലയേറ്റു.
2007 മേയ് 2	തിരുവല്ല അതിഭദ്രാസന മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

www.malankaralibrary.com

2007 ജൂലൈ 14 — ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ 'ദൈവദാസനായി' മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു.

2007 സെപ്റ്റം 20-21 — മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ബത്തേരി ഭദ്രാസനത്തിലെ കോടഞ്ചേരിയിൽ.

2007 സെപ്റ്റം 23 — ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 125-ാം ജന്മവാർഷികം മാവേലിക്കര പുതിയകാവിൽ.

2008 ജനു 18 — പുതിയ കാതോലിക്കേറ്റ് സെന്ററിന്റെ ശിലാസ്ഥാപനം മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ നിർവഹിച്ചു.

2008 ഫെബ്രു 9 — മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷനായി അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

2008 ഒക്ടോ 5-26 — പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിളിച്ച് ചേർത്ത Synod on Word of God ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2008 ഒക്ടോ 12 — വി. അൽഫോൺസാമ്മയെ വിശുദ്ധ പദവിയിലേക്കുയർത്തിയ റോമിലെ ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2008 നവം 10 — പൗരസ്ത്യ തിരുസംഘ അധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലെയനാർദോ സാന്ദ്രിയുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.

പാളയം സെന്റ് മേരി സമാധാന രാജ്ഞി ദൈവാലയം ബസിലിക്കയായി തിരുസിംഹാസനം ഉയർത്തി.

2009 സെപ്റ്റം 20-26 — അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് ത്രിതീയൻ യൗനാൻ ബാവായുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.

മലങ്കര സുറിയാനി കത്തോലിക്കാ സഭ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ച

www.malankaralibrary.com

	തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ മാർത്താണ്ഡം ഭദ്രാസനത്തിലെ മരിയഗിരിയിൽ.
2010 ജനു 25	പത്തനംതിട്ട, പുത്തൂർ ഭദ്രാസനങ്ങളുടെ സ്ഥാപനം.
2010 മാർച്ച് 13	അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ് (മാർത്താണ്ഡം ഭദ്രാസനം), തോമസ് മാർ അന്തോണിയോസ് (കൂരിയ മെത്രാൻ), സാമുവൽ മാർ ഐറേനിയോസ് (തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ), ഫിലിപ്പോസ് മാർ സ്തേഫാനോസ് (തിരുവല്ല അതിഭദ്രാസന സഹായമെത്രാൻ) എന്നീ തിരുമേനിമാരുടെ മെത്രാഭിഷേകം. ഗ്രീക്ക് മൽക്കൈറ്റ് കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ ഗ്രിഗോറിയോസ് III ലഹാം പാത്രിയർക്കീസ് മുഖ്യാതിഥി.
2010 മാർച്ച് 14	മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
2010 മാർച്ച് 15	മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ കൂരിയ മെത്രാനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി ചുമതലയേറ്റു.
2010 മാർച്ച് 20	പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ സ്ഥാനാരോഹണം.
2010 ഏപ്രി 13	ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ സ്ഥാനാരോഹണം.
2010 ഏപ്രി 15	പുത്തൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.
2010 ജൂലൈ 14	അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ എക്സാർക്കേറ്റിന്റെ സ്ഥാപനം.
2010 സെപ്റ്റം 20 - 21	80 - ാം പുനരൈക്യവാർഷികം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ.
2010 സെപ്റ്റം 20	മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സണ്ടേസ്ക്കൂൾ കുട്ടികൾക്കായുള്ള പ്രേഷിതസംഘടന മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗിന്റെ (എം.സി.സി.എൽ.) രൂപീകരണം.
2010 സെപ്റ്റം 21	അമേരിക്കയിലെ എക്സാർക്കേറ്റിന്റെ മെത്രാനും കാനഡ, യൂറോപ്പ് എന്നിവയുടെ അപ്പസ്തോലിക് വിസിറ്റേറ്ററുമായ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ മെത്രാഭിഷേകം (തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രൽ).

www.malankaralibrary.com

2010 ഒക്ടോ 3	അമേരിക്കയിലെ എക്സാർക്കേറ്റിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ സ്ഥാനാരോഹണം (ന്യൂയോർക്കിൽ).
2010 ഒക്ടോ 10 - 24	പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിളിച്ചു ചേർത്ത 'Special Synod on Middle East' - ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.
2011 മാർച്ച് 25	മലങ്കര സുറിയാനി കത്തോലിക്കാസഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷം ആദ്യമായി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാർ പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പായുമായി നടത്തിയ *ആദ് ലിമിന* സന്ദർശനം.
2011 സെപ്റ്റം 20	81 - ാം പുനരൈക്യവാർഷികം (സെന്റ് മേരീസ് കത്തീഡ്രൽ, പട്ടം).
2011 സെപ്റ്റം 21	കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ.
2011 സെപ്റ്റം 21 - 23	'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി (കാതോലിക്കേറ്റ് സെന്റർ, പട്ടം).
2011 ഒക്ടോ 27	പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, വിളിച്ചുകൂട്ടിയ ലോകമതങ്ങളുടെ നേതാക്കന്മാരുടെ പ്രാർത്ഥനാസമ്മേളനം അസീസിയിലും വത്തിക്കാനിലുംവച്ച് നടത്തപ്പെട്ടതിൽ ഭാരതസഭയുടെ പ്രതിനിധിയായി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.
2012 ജനു 25, 26	മൂവാറ്റുപുഴ കത്തീഡ്രൽ കൂദാശ.
2012 മാർച്ച് 9 - 10	മൂറോൻ കൂദാശ (പട്ടം കത്തീഡ്രൽ).
2012 മാർച്ച് 10	മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക കാനോനിക നിയമ സംഹിത (The Code of Particular Canons of the Syro-Malankara Catholic Church [CPCSMCC]) യുടെ പ്രസിദ്ധീകരണം.
2012 സെപ്റ്റം 20	82 - ാം പുനരൈക്യവാർഷികം പത്തനംതിട്ടയിൽ. പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന്റെ മൂറോൻ കൂദാശ.

www.malankaralibrary.com

മാറോനീത്താ സുറിയാനി കത്തോലിക്കാസഭയുടെ പാത്രിയർക്കീസ് മോറാൻ മോർ ബഷാറാ ബുത്ത്റോസ് അൽ രായി ബാവായുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.

2012 ഒക്ടോ 7 - 28 പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, റോമിൽ വിളിച്ചുചേർത്ത Synod on New Evangelization-ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2012 ഒക്ടോ 24 പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായെ കർദിനാളായി പ്രഖ്യാപിച്ചു.

2012 നവം 24 മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ കർദിനാളായി വത്തിക്കാനിൽ സ്ഥാനാരോഹണം ചെയ്തു.

2012 നവം 25 അഭിനവ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ റോമിലെ സെന്റ് ജോൺ & പോൾ ബസിലിക്കായിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൃതജ്ഞതാബലി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള സഭാമേലദ്ധ്യക്ഷന്മാരും സഭാമക്കളും പങ്കെടുത്തു.

2012 ഡിസം 1 കർദിനാൾ സ്ഥാനാരോഹണത്തോടനുബന്ധിച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ തിരുവനന്തപുരം പട്ടം കത്തീഡ്രലിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൃതജ്ഞതാ ബലിയും തുടർന്ന് അനുമോദന സമ്മേളനവും. CBCI പ്രസിഡന്റ് കർദിനാൾ ഓസ്വോൾഡ് ഗ്രേഷ്യസ്, അപ്പസ്തോലിക് ന്യുൺഷ്യോ, സാൽവത്തോരെ പെനാക്കിയോ, സഭാദ്ധ്യക്ഷന്മാർ തുടങ്ങിയ പ്രമുഖർ സംബന്ധിച്ചു.

2013 മാർച്ച് 12 - 13 ആഗോള കത്തോലിക്കാ സഭയുടെ 266 - ാം മാർ പാപ്പായെ തെരഞ്ഞെടുക്കുവാനുള്ള കോൺക്ലേവിൽ ഇദംപ്രഥമമായി മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

www.malankaralibrary.com

2013 മാർച്ച് 19 — ഫ്രാൻസിസ് മാർപാപ്പായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2013 മെയ് 19 — മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ റോമിലെ തന്റെ സ്ഥാനിക ദൈവാലയമായ (titular church) സെന്റ് ഗ്രിഗോറിയോ 7-ാമന്റെ ബസിലിക്കായുടെ ചുമതല ഏറ്റെടുത്തു.

2013 ജൂലൈ 15 — ഫിലിപ്പൈൻസിലെ മനില ആർച്ചുബിഷപ് അത്യുന്നത കർദിനാൾ ലൂയീസ് അന്തോണിയോസ് താഗ്ലേ തിരുമേനി മാർ ഈവാനിയോസ് മെത്രാപ്പൊലീത്തായുടെ 60-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.

2013 സെപ്റ്റം 20 — മാവേലിക്കര സെന്റ് മേരീസ് കത്തീഡ്രലിന്റെ മൂറോൻ കൂദാശ.
83-ാം പുനരൈക്യവാർഷിക സഭാസംഗമം മാവേലിക്കരയിൽ.

2014 ഫെബ്രു 11 — മേജർ ആർച്ച്ബിഷപ് ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സി.ബി.സി.ഐ. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

2014 ജൂൺ 23 — ദൈവദാസൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ ഭാഗമായി കബർ തുറന്നുള്ള കാനോനിക പരിശോധന.

2014 ജൂലൈ 15 — പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് സിറിൽ വസീൽ, ദൈവദാസൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് പിതാവിന്റെ 61-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.

2014 സെപ്റ്റം 20 — 84-ാം പുനരൈക്യവാർഷികം ബത്തേരിയിൽ.

2014 ഒക്ടോ 5-19 — പരി. ഫ്രാൻസിസ് മാർപാപ്പാ റോമിൽ വിളിച്ചുചേർത്ത Synod on Family-ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2014 നവം. 23 — വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും വി. എവുപ്രസ്യാമ്മയെയും വിശുദ്ധ പദവിയിലേക്കുയർത്തിയ റോമിലെ

www.malankaralibrary.com

ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2015 മാർച്ച് 26 — ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെയും കഡ്കി സെന്റ്എഫ്രേം എക്സാർക്കേറ്റിന്റെയും സ്ഥാപനം.

2015 മെയ് 1 — ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ ഉദ്ഘാടനവും ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ സ്ഥാനാരോഹണവും ഡൽഹിയിൽ.

2015 മെയ് 30 — കഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റിന്റെ ഉദ്ഘാടനവും പ്രഥമ എക്സാർക്കായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ സ്ഥാനാരോഹണവും പൂനെയിൽ.

2015 ജൂലൈ 15 — വത്തിക്കാനിലെ Pontifical Council for Justice and Peace-ന്റെ പ്രസിഡന്റ് അത്യുന്നത കർദിനാൾ പീറ്റർ ടർക്സൺ തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 62-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.

2015 സെപ്റ്റം 20 — 85-ാം പുനരൈക്യവാർഷികവും സഭാസംഗമവും തിരുവല്ലായിലെ തിരുമൂലപുരത്തുവെച്ച്.

2016 ജനു 16 — ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി സമാപനം. മുംബൈ ആർച്ചുബിഷപ്പ് കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ് തിരുമേനി അദ്ധ്യക്ഷനായിരുന്നു. ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ അഭിവന്ദ്യ ആർച്ചുബിഷപ്പ് സാൽവത്തോരേ പെനാക്കിയോ തിരുമേനി ഉദ്ഘാടനം ചെയ്തു. (പട്ടം സെന്റ് മേരീസ് കത്തീഡ്രൽ)

2016 ജനു 4 — അമേരിക്ക-കാനഡ സെന്റ് മേരീ, സമാധാന രാജ്ഞി ഭദ്രാസന സ്ഥാപനം.

2016 ജനു 23 — അമേരിക്ക-കാനഡ സെന്റ് മേരീ, സമാധാന രാജ്ഞി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ സ്ഥാനാരോഹണം ന്യൂയോർക്കിൽ.

2016 മാർച്ച് 8 — മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സി.ബി.സി.ഐ. പ്രസിഡന്റായി രണ്ടാം വട്ടം തെരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

2016 ജൂലൈ 15 — ന്യൂയോർക്ക് ആർച്ചുബിഷപ്പ് കർദിനാൾ തിമോത്തി മൈക്കിൾ ഡോളൻ തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 63-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.

2016 ഓഗസ്റ്റ് 25 — ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നാമകരണനടപടികളുടെ മേജർ അതിഭദ്രാസനതല കാനോനിക അന്വേഷണങ്ങളുടെ സമാപനം.

2016 സെപ്റ്റം 8 — നാമകരണ നടപടികളുടെ ഔദ്യോഗികരേഖകൾ വത്തിക്കാനിലെ വിശുദ്ധ നാമകരണ നടപടികൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ അത്യുന്നത കർദിനാൾ ആഞ്ചലോ അമാത്തോ തിരുമേനിയെ മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായും തോമസ് മാർ അന്തോണിയോസ് തിരുമേനിയും ചേർന്ന് സമർപ്പിച്ചു.

2016 സെപ്റ്റം 17, 18 — 86-ാം പുനരൈക്യവാർഷികവും സഭാസംഗമവും സൗത്ത് കാനറാ മിഷൻ സ്ഥാപനത്തിന്റെ സുവർണജൂബിലി ആഘോഷവും പുത്തൂർ ഭദ്രാസനത്തിലെ നൂജിബാൽത്തിലയിൽ.

2016 സെപ്റ്റം 19, 20 — ബത്തേരി സെന്റ് തോമസ് കത്തീഡ്രലിന്റെ മൂറോൻ കൂദാശ.

2017 ജനു 24 — പുത്തൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി ഭദ്രാസന ചുമതലകളിൽനിന്നും വിരമിച്ചു.

2017 ജൂലൈ 15 — സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 64-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.

2017 ഓഗസ്റ്റ് 5 — പാറശ്ശാല ഭദ്രാസനത്തിന്റെ സ്ഥാപനം.

2017 സെപ്റ്റം 19-21 — 87-ാം പുനരൈക്യവാർഷികവും സഭാസംഗമവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ അടൂരിൽ. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ III പാത്രിയർക്കീസ് ബാവാ മുഖ്യാതിഥി.

2017 സെപ്റ്റം 21 — അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് (പുത്തൂർ ഭദ്രാസനം), അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് (കൂരിയ

www.malankaralibrary.com

മെത്രാൻ, യൂറോപ്പിന്റെയും ഓഷ്യാനിയായുടെയും അപ്പസ്തോലിക് വിസിറ്റേറ്റർ) എന്നീ തിരുമേനിമാരുടെ മെത്രാഭിഷേകം (അടൂർ).

2017 സെപ്റ്റം 23 — പാറശ്ശാല ഭദ്രാസനത്തിന്റെ ഉദ്ഘാടനവും പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ സ്ഥാനാരോഹണവും.

2017 സെപ്റ്റം 30 — പുത്തൂർ ഭദ്രാസന മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

2017 ഒക്ടോ 5 — മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി ഔദ്യോഗികമായി സ്ഥാനമേറ്റെടുത്തു.

2017 ഒക്ടോ 28 — അമേരിക്ക-കാനഡ സെന്റ് മേരീ, സമാധാനരാജ്ഞി ഭദ്രാസന മെത്രാൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

2018 ജനു 16 — പുത്തൂർ ഭദ്രാസനത്തിന്റെ വിരമിത മെത്രാപ്പോലിത്താ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി കാലംചെയ്തു (തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കം).

2018 ഏപ്രി 10 — അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പായും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പായും നിയമിതരായി.

2018 ഏപ്രി 12 — അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പായി സ്ഥാനമേറ്റെടുത്തു.

2018 ഏപ്രി 29 — അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പായി സ്ഥാനമേറ്റെടുത്തു.

2018 ജൂലൈ 15 — ജർമ്മനിയിലെ കൊളോൺ ആർച്ച്ബിഷപ്പ് കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 65-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.

www.malankaralibrary.com

2018 സെപ്റ്റം 20, 21 — 88-ാം പുനരൈക്യവാർഷികവും സഭാസംഗമവും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുവാൻ ക്രമീകരിച്ചിരുന്നത് കേരളത്തിലെ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ഒഴിവാക്കി. പകരം ഇടവകതലത്തിൽ സഭ മുഴുവൻ പുനരൈക്യദിനം ആചരിച്ചു.

2018 ഒക്ടോ 3-28 — 'Young People, the Faith and Vocational Discernment' എന്ന വിഷയത്തെ അധികരിച്ച് റോമിൽ ഫ്രാൻസിസ് മാർപാപ്പാ വിളിച്ചുകൂട്ടിയ സിനഡിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധാനം ചെയ്ത് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2019 ജനു 19 — എം.സി.വൈ.എം. സുവർണ ജൂബിലി സഭാതല ആഘോഷം മാവേലിക്കര പുന്നമൂട്ടിൽ.

2019 മാർച്ച് 11 — ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ജംബാപ്ത്തിസ്ത ദ്വിക്വാത്രോയുടെ പരി. സുന്നഹദോസ് സന്ദർശനം.

2019 മാർച്ച് 13 — മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷൻ വിളിച്ചു ചേർത്ത പുനരൈക്യ ശതാബ്ദി (2030) ആഘോഷത്തിന്റെ പ്രഥമ ആലോചനായോഗം പട്ടം കാതോലിക്കേറ്റ് സെന്ററിൽ.

2019 ജൂൺ 4 — തിരുവല്ല അതിഭദ്രാസനത്തിന്റെ വിരമിത മെത്രാപ്പോലിത്താ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി കാലംചെയ്തു.

2019 ജൂൺ 8 — പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ഭദ്രാസന ചുമതലകളിൽനിന്നും വിരമിച്ചു.

അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാനമേറ്റെടുത്തു.

2019 ജൂൺ 12 — മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനി ഭദ്രാസന ചുമതലകളിൽനിന്നും വിരമിച്ചു.

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാനമേറ്റെടുത്തു.

2019 ജൂലൈ 15 — അലക്സാൺഡ്രിയായിലെ കോപ്റ്റിക് കത്തോലിക്കാ സഭാതലവനും പാത്രിയർക്കീസുമായ അത്യഭിവന്ദ്യ ഇബ്രാഹീം

www.malankaralibrary.com

	ഇസാക് സെദ്രാക് ഗാദ് എൽസായദ് ബാവാ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 66-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി.
2019 സെപ്റ്റം 18-20	89-ാം പുനരൈക്യവാർഷികവും സഭാസംഗമവും ബഥനി ആശ്രമസ്ഥാപനത്തിന്റെ സഭാതല ശതാബ്ദി ആഘോഷവും കോട്ടയം ഗിരിദീപം ക്യാമ്പസിൽ.
2019 സെപ്റ്റം 22-23	മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാർ റോമിൽ പരി. ഫ്രാൻസിസ് മാർപാപ്പായുമായി നടത്തിയ *ആദ് ലിമിന* സന്ദർശനം.
2019 ഒക്ടോ 8-10	'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ അസംബ്ലി (പട്ടം കാതോലിക്കേറ്റ് സെന്റർ)
2019 ഒക്ടോ 10	ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 25-ാം ഓർമതിരുന്നാൾ
2019 നവംബർ 23	സെന്റ് എഫ്രേം പൂനെ-കഡ്കി ഭദ്രാസനത്തിന്റെ സ്ഥാപനം.
2020 ജനു 14	സെന്റ് എഫ്രേം പൂനെ-കഡ്കി ഭദ്രാസനത്തിന്റെ ഉദ്ഘാടനവും പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ സ്ഥാനാരോഹണവും.
2020 ജൂലൈ 15	ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മത്തിരുന്നാൾ. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ പരിമിതപ്പെടുത്തി.
2020 സെപ്റ്റം 19-21	90-ാം പുനരൈക്യവാർഷികവും സഭാസംഗമവും മാവേലിക്കരയിൽ (കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സമ്മേളനങ്ങൾ).
2021 ജൂൺ 11	മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപന നവതിയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും തിരുവല്ല അതിഭദ്രാസനത്തിന്റെയും സ്ഥാപന നവതി ആഘോഷങ്ങളും പാളയം സെന്റ് മേരീസ് സമാധാന രാജ്ഞി ബസലിക്കായിൽ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

www.malankaralibrary.com

2021 ജൂലൈ 15	ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മത്തിരുന്നാൾ. കോവിഡ്-19 മഹാമാരിയുടെ പശ്ചാതലത്തിൽ ആഘോഷങ്ങൾ പരിമിതപ്പെടുത്തി.
2021 ഓഗസ്റ്റ് 26	ഗൂഡ്ഗാവ്-ഡൽഹി ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്താ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി കാലംചെയ്തു.
2021 സെപ്റ്റം 20-21	91-ാം പുനരൈക്യവാർഷികവും സഭാസംഗമവും മാർത്താണ്ഡത്ത് നടത്താൻ തീരുമാനിച്ചത് കോവിഡിന്റെ പശ്ചാത്തലത്തിൽ ഭദ്രാസനതലങ്ങളിൽ ആഘോഷിച്ചു.
2021 നവം 26	മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭ തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്സ് ഹൗസിൽ ഔദ്യോഗിക മായ സ്വീകരണം നൽകി. ദൈവാലയത്തിൽ ആരാധനാക്രമ പരമായ സ്വീകരണം, ബസ്മൽക്കോ, പൊതു ആശീർവാദം, സ്നേഹവിരുന്ന് ഇവയോടെ നടത്തപ്പെട്ട സ്വീകരണത്തിൽ നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും വൈദികർ, സഭാപ്രതിനിധികൾ, സഹോദരീ സഭകളിലെ മെത്രാപോലിത്താമാർ, മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.
2022 ജൂൺ 30	സെന്റ് ജോൺ ക്രിസോസ്റ്റം ഗൂഡ്ഗാവ്-ഡൽഹി ഭദ്രാസനാധ്യക്ഷനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം.
2022 ജൂലൈ 15	ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 69-ാം ഓർമ്മത്തിരുന്നാൾ. അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പായുടെയും അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പായുടെയും മെത്രാദിഷേകം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ.
2022 ജൂലൈ 18	അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പാ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കുരിയാമെത്രാനായി ചുമതല ഏറ്റെടുത്തു.
2022 സെപ്റ്റം 21	92-ാം പുനരൈക്യവാർഷികവും സഭാസംഗമവും തിരുവല്ലായിൽ.
2023 ജൂൺ 16	തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗം മോൺ. ഡോ.

www.malankaralibrary.com

ജോർജ് പനംതുണ്ടിലിനെ ഖസാക്കിസ്ഥാൻ, കിർജിസ്ഥാൻ, തജികിസ്ഥാൻ എന്നീ രാജ്യങ്ങളിലെ അപ്പസ്തോലിക് ന്യുൺഷ്യോ ആയി ആർച്ച്ബിഷപ് പദവിയിൽ പരി. ഫ്രാൻസിസ് മാർപാപ്പാ നിയമിച്ചു.

2023 ജൂലൈ 15 — ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപ്പെരുന്നാൾ. ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ലിയോ പോൾദോ ജിറേല്ലി മുഖ്യാതിഥി.

2023 സെപ്തം. 9 — നിയുക്ത ആർച്ച്ബിഷപ് ഡോ. ജോർജ് പനംതുണ്ടിലിന്റെ മെത്രാഭിഷേകം റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ.

2023 സെപ്റ്റം 21 — 93-ാം പുനരൈക്യവാർഷികവും സഭാസംഗമവും മൂവാറ്റുപുഴയിൽ.

2024 ഫെബ്രു 11 — ആകമാന ഓർത്തഡോക്സ് സിറിയൻ സഭയുടെ പരിശുദ്ധ ഇഗ്നേഷ്യസ് എഫ്രേം II പാത്രിയാർക്കിസ് ബാവായ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദരവ് നൽകി (സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ, തിരുവനന്തപുരം). നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും സഭാപ്രതിനിധികളും, സഹോദരീ സഭകളിലെ മെത്രാപോലിത്താമാരും, ബഹു കേരള മുഖ്യമന്ത്രിയും മന്ത്രിമാരും, ജനപ്രതിനിധികളും തുടങ്ങി വലിയൊരു സദസ് ചടങ്ങിൽ സംബന്ധിച്ചു. കത്തീഡ്രൽ കവാടത്തിൽനിന്നും പരി. ബാവായെ വി. മദ്ബഹായിലേക്ക് സ്വീകരിച്ചു. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ പാത്രിയർക്കിസ് ബാവാ ധൂപാർപ്പണം നടത്തി.

2024 ഫെബ്രു 15 — അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകം.

2024 മാർച്ച് 14 — ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പരി.ഫ്രാൻസിസ് മാർപാപ്പ 'ധന്യൻ' ആയി പ്രഖ്യാപിച്ചു

2024 ജൂലൈ 15 — ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 71-ാം ഓർമ്മപ്പെരുന്നാൾ. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് അഭിവന്ദ്യ റാഫേൽ തട്ടിൽ മുഖ്യാതിഥി.

2024 സെപ്റ്റം 21 — 94-ാം പുനരൈക്യവാർഷികവും സഭാസംഗമവും പാറശ്ശാലയിൽ. പുനരൈക്യ ശതാബ്ദിയോടനുബന്ധിച്ച് വചനവർഷ ഉദ്ഘാടനം (2024 സെപ്തം 20 - 2025 സെപ്തം 19).

www.malankaralibrary.com

2024 ഒക്ടോ 27 — റോമിൽ നടന്ന സിനഡ് ഓഫ് സിനഡാലിറ്റിയുടെ (Synod of Synodality) സമാപനത്തിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2025 ഏപ്രിൽ 21 — ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തു.

2025 ഏപ്രിൽ 26 — ഫ്രാൻസിസ് മാർപാപ്പായുടെ കബറടക്കം (സെന്റ് മേരീസ് മേജർ ബസിലിക്കായിൽ) - സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2025 മെയ് 7 - 8 — ആഗോള കത്തോലിക്കാ സഭയുടെ 267 - ാം മാർ പാപ്പായെ തെരഞ്ഞെടുക്കുവാനുള്ള കോൺക്ലേവിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ പങ്കെടുത്തു.

2025 മെയ് 18 — ലിയോ പതിനാലാമൻ മാർപാപ്പായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംബന്ധിച്ചു.

2025 മെയ് 30 — മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി ഭദ്രാസന ചുമതലകളിൽനിന്ന് വിരമിച്ചു.

2025 ജൂൺ 29 — മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് തിരുമേനിയുടെ സ്ഥാനാരോഹണം.

2025 ജൂലൈ 15 — ധന്യൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 72 - ാം ഓർമപ്പെരുന്നാൾ. വത്തിക്കാനിലെ അന്തർദേശീയ കാര്യാലയത്തിന്റെ മുഖ്യ കാര്യദർശി ആർച്ച്ബിഷപ് പോൾ ഗല്ലഗർ മുഖ്യാതിഥി.

ധന്യൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ശതാബ്ദി അനുസ്മരണം.

2025 സെപ്തം 20 — 95 - ാം പുനരൈക്യ വാർഷികവും സഭാ സംഗമവും പത്തനംത്തിട്ട ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അടൂർ ഓൾ സെയ്ന്റ്സ് സ്ക്കൂൾ അങ്കണത്തിൽ നടത്തപ്പെട്ടു. പുനരൈക്യ ശതാബ്ദിയോടനുബന്ധിച്ച് ആരാധനക്രമ

www.malankaralibrary.com

വർഷത്തിന്റെ ഉദ്ഘാടനം (2025 സെപ്തം 20 - 2026 സെപ്തം 19) തദവസരത്തിൽ നടത്തപ്പെട്ടു.
അന്തോക്യൻ സുറിയാനി കത്തോലിക്കാ സഭാധ്യക്ഷൻ അത്യ ഭിവന്ദ്യ മോറാൻ മോർ ഇഗ്നാത്തിയോസ് യൂനാൻ പാത്രിയാർ ക്കീസ് ബാവാ മുഖ്യാതിഥി.
ധന്യൻ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ യുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷ സമാപനം മുഖ്യാ തിഥി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ.

2025 നവം 22 — അഭിവന്ദ്യരായ കുര്യാക്കോസ് മാർ ഒസ്ത്താത്തിയോസ് എപ്പി സ്കോപ്പാ (യൂറോപ്പിലെ അപ്പസ്തോലിക വിസിറ്റേറ്റർ), യൂ ഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പാ (തിരുവന ന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാൻ) ഇവരുടെ മെത്രാഭിഷേകം പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർ ക്കിയൽ കത്തീഡ്രലിൽ. മുഖ്യ കാർമ്മികൻ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ.

2026 ജൂലൈ 15 — ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീ ത്തായുടെ 73ാം ഓർമ്മപ്പെരുന്നാൾ.
സി.ബി.സി.ഐ പ്രസിഡന്റും ഹൈദരാബാദ് ആർച്ച് ബിഷപ്പുമായ അത്യുന്നത കർദിനാൾ ആന്റെണി പൂളാ മെത്രാപ്പോലീത്താ മുഖ്യാതിഥി.

2026 ആഗ 22 — മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലി ക്കാ ബാവായുടെ മെത്രാഭിഷേക രജത ജൂബിലി ആഘോഷം പട്ടം സെന്റ് മേരീസ് സ്കൂൾ അങ്കണത്തിൽ വെച്ച് നട ത്തപ്പെട്ടു. അന്തോക്യൻ സുറിയാനി കത്തോലിക്കാ സഭാധ്യ ക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ഇഗ്നാത്തിയോസ് യൂനാൻ പാത്രിയാർക്കീസ് ബാവാ മുഖ്യാതിഥി.
പൊതുസമ്മേളന ഉദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി.സതീശൻ. മേഘാലയ മുഖ്യമന്ത്രി ശ്രീ.കോൺറാഡ് കൊംഗ്കൽ സംഗ്മ, മലങ്കര യാക്കോബായ സുറിയാനി സഭ യുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് ജോസഫ് കാതോലിക്കാ കാതോലിക്കാ ബാവ, മലങ്കര മാർത്തോമ സുറിയാനി സഭയുടെ മെത്രാപ്പോലീത്താ ഡോ. തെയഡോഷ്യസ് മാർത്തോമ്മ മെത്രാപോലീത്താ, കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ.വർഗീസ് ചക്കാലയ്ക്കൽ മെത്രാപ്പോലീത്താ, ലത്തീൻ

www.malankaralibrary.com

സഭയിലെയും, സീറോ മലബാർ സഭയിലെയും അഭിവന്ദ്യ പിതാക്കൻമാർ, എല്ലാ എപ്പിസ്ക്കോപ്പൽ സഭകളിലെയും പ്രതിനിധികൾ, രാഷ്ട്രീയ, സാംസ്ക്കാരിക, സാമുദായിക മേഖലയിലെ നേതാക്കൻമാർ, സഭയിലെ എല്ലാ ഭദ്രാസനങ്ങളെയും പ്രതിനിധീകരിച്ച് വൈദികർ, സന്യസ്തർ, അല്മായ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

2026 സെപ്തം 19 മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. കബറടക്കം അത്യഭിവന്ദ്യ കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ 2026 സെപ്തം 21-ന് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ടു.

2026 സെപ്തം 20 96-ാം പുനരൈക്യ വാർഷികവും സഭാ സംഗമവും സെന്റ് എഫ്രേം പൂനാ-കട്കി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ചെന്നൈ പാടിയിൽ മാർ ഗ്രീഗോറിയോസ് കോളേജ് അങ്കണത്തിൽ സെപ്തംബർ 18,19 തീയതികളിൽ നടത്തപ്പെട്ടു. പുനരൈക്യ ശതാബ്ദിയോടനുബന്ധിച്ച് ഉപവി-നീതി വർഷത്തിന്റെ ഉദ്ഘാടനം (2026 സെപ്തം 20- 2027 സെപ്തം 19) തദവസരത്തിൽ നടത്തപ്പെട്ടു.

www.malankaralibrary.com

പ്രത്യേക അവസരങ്ങളിലേക്കുള്ള വേദവായനകൾ

വിശുദ്ധന്മാരുടെ ഓർമ്മ

വെളി 19:1-16; റോമാ 8:26-30; ഫിലി 3:8-14;
മത്താ 16:24-27; യോഹ 15:1-8; യോഹ 17:20-26.

രക്തസാക്ഷികളുടെയും സഹദേന്മാരുടെയും ഓർമ്മ

അ.പ്ര. 7:55-60; വെളി. 7:9-17; യാക്കോ. 1:2-12; 1 പത്രോ 3:14-17; റോമാ 5:1-5;
റോമാ 8:31-39; 2 കോറി 4:7-15; ഹെബ്രാ 10:32-36; മത്താ 10:17-22; മർക്കോ 8:34-38;
മത്താ 10:28-33; ലൂക്കോ 9:23-26; യോഹ 12:24-26; യോഹ 15:18-21; യോഹ 17:11-19.

മല്പാൻമാരുടെ ഓർമ്മ

1 കോറി 1:18-25; 1 കോറി 2:1-10; എഫേ 3:8-12;
2 തിമോ 4:1-5; മത്താ 5:13-16; മത്താ 23:8-12.

കന്യകകളുടെ ഓർമ്മ

1 കോറി 7:25-35; മത്താ 25:1-13; ലൂക്കോ 10:38-42.

മെത്രാന്മാരുടെ ഓർമ്മ

1 യോഹ 3:11-16; ഹെബ്രാ 13:7-16; മത്താ 24:45-51; യോഹ 10:11-18; യോഹ 14:1-6; യോഹ 15:9-17

മരിച്ചവർക്കുവേണ്ടി

ജ്ഞാനം 3:1-9; ജ്ഞാനം 4:7-14; ദാനി 12:1-3; 2 മക്കബാ 12:43-46; 1 യോഹ 3:1-2;
1 യോഹ 3:14-16; റോമാ 5:7-21; റോമ 6:3-9; റോമാ 14:7-12; 1 കോറി 15:20-28;
1 കോറി 15:51-57; 2 കോറി 5:1-10; ഫിലി 3:20-21; 1 തെസ. 4:13-18;
2 തിമോ 2:8-13; മത്താ 25:1-13; മത്താ 25:31-46; ലൂക്കോ 7:11-17; യോഹ 5:24-29;
യോഹ 6:37-40; യോഹ 6:51-58; യോഹ 11:17-27; യോഹ 11:32-45; യോഹ 14:1-6.

നാമഹേതുകതിരുനാൾ

2 തെസ്സ 2:13-17; മത്താ 5:13-16.

കൃതജ്ഞതാർപ്പണം

പ്രഭാ 50:22-24; ഏശ 63:7-9; സങ്കീ 105:38-45, 1 കോറി 1:3-9, എഫേ 1:3-14;
കൊളോ 3:12-17; മത്താ 7:7-11; മർക്കോ 4:35-41; ലൂക്കോ 18:1-8; യോഹ 17:6-19

അപേക്ഷകുർബാന

വിലാ 3:17-26; ദാനി 3:34-43; യാക്കോ 1:2-12; റോമാ 8:18-30; റോമാ 8:31-39;
ഹെബ്രാ 4:14-16; മത്താ 7:7-11; മർക്കോ 4:35-41; ലൂക്കോ 18:1-8; യോഹ 17:6-19.

മെത്രാഭിഷേക വാർഷികം

1 പത്രോ 5:1-4; 1 തിമോ 6:11-21; 1 തിമോ 5:17-22; യോഹ 10:11-16;
മത്താ 6:25-34.

പൗരോഹിത്യ ജൂബിലി

1 തിമോ 1:8-14; യോഹ 15:11-17; ലൂക്കോ 1:46-55.

സന്യസ്ത ജൂബിലി

എഫേ 3:14-21 ; യോഹ 15:1-10; യോഹ 15:18-21

ജന്മദിനം

ഗലാ 3:26-29; 4:1-7; എഫേ 6: 1-4; മത്താ 18:1-5

ആദ്യകുർബാന സ്വീകരണം

1 കോറി 11:26-29; യോഹ 6:48-58.

വിവാഹ വാർഷികം/വിവാഹ ജൂബിലി

എഫേ 4:1-6; 1 കോറി 13:4-13; കൊളോ 3:12-21; യോഹ 15:11-17

www.malankaralibrary.com

ആരാധനക്രമവൽസരം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് 'കൂദോശ് ഈത്തോ' ഞായറാഴ്ചയാണ്. സഭയെ സ്ഥാപിച്ച് വിശുദ്ധീകരിക്കുന്ന കാര്യമാണ് അന്ന് അനുസ്മരിക്കപ്പെടുന്നത്. സഭാവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പെരുന്നാൾ ഉയിർപ്പുപെരുന്നാളാണ്. വർഷംതോറും മാറിവരുന്ന ഈ പെരുന്നാൾ, വസന്തകാലത്ത് സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസത്തിനു (Vernal Equinox) ശേഷമുള്ള പൂർണചന്ദ്രനെ ആശ്രയിച്ചാണിരിക്കുന്നത്. നിഖ്യാ സുന്നഹദോസിന്റെ തീരുമാനപ്രകാരം പെസഹാ ചന്ദ്രനുശേഷം വരുന്ന ഞായറാഴ്ചയാണ് ഉയിർപ്പു പെരുന്നാൾ. ആരാധനക്രമവത്സരത്തിലെ ഏഴു കാലങ്ങൾ താഴെപ്പറയുന്നവയാണ് :

1. **സുബ്ബോറൊ (വചനിപ്പു)കാലം**
2. **യൽദാ (ക്രിസ്തുമസ്) ദനഹാകാലം**
3. **വലിയ നോമ്പുകാലം**
4. **ക്യംതാക്കാലം**
5. **പെന്തിക്കൊസ്തിക്കാലം**
6. **തേജസ്കരണകാലം**
7. **സ്ലീബാക്കാലം**

ക്രിസ്തുരാജത്വതിരുനാൾ, തിരുഹൃദയത്തിരുനാൾ മുതലായവ മലങ്കര സുറിയാനി സഭയിൽ ഉള്ളവയല്ല. എങ്കിലും നാം അവ ആചരിച്ചുവരുന്നു. അപ്പസ്തോലന്മാരിൽ ചിലരുടെയും, മറ്റു ചില വിശുദ്ധരുടേയും, പെരുന്നാളുകൾ പാശ്ചാത്യസഭയിൽനിന്ന് വ്യത്യസ്തമായ ദിവസങ്ങളിലാണ് മലങ്കരസഭ ആചരിക്കുന്നത്.

2028–ൽ മാറിവരുന്ന പെരുന്നാളുകൾ

മൂന്നുനോമ്പ്	- ഫെബ്രുവരി 7
വലിയനോമ്പ്	- ഫെബ്രുവരി 28
ഈസ്റ്റർ	- ഏപ്രിൽ 16
സ്വർഗാരോഹണം	- മെയ് 25
പെന്തിക്കൊസ്തി	- ജൂൺ 4

www.malankaralibrary.com

2026 നവംബർ
(തെശ്രീൻ ഹ്രോയി)

തീ	ദി	വിശേഷദിവസങ്ങളും വേദവായനക്കുറിപ്പുകളും

I സൂബ്രോ (വചനിപ്പുകാലം)

1	**ഞാ**	**കൂദോശ് ഈത്തൊ ഞായർ** (സഭയുടെ വിശുദ്ധീകരണം) **ആരാധനക്രമ വത്സരാരംഭം** മർക്കോ 8:27-30; പുറ 10:1-5; 1 രാജാ 6:1-8; എസെ 10:1-5, 18-22; ഏശ 6:1-8; 1 പത്രോ 2:1-12; എഫേ 2:14-22; മത്താ 16:13-23 സകല വിശുദ്ധരുടെയും ഓർമ്മ **ശ്ഹീമോ നമസ്കാരത്തിലെ ശുബ്ഹോ–ഒന്നാം കോലോ ഇന്ന് ആരംഭിക്കുന്നു.**
2	തി	1 തെസ 4:1-8; മത്താ 5 :1-12
3	ചൊ	ഹെബ്രാ 13:7-16; മത്താ 24:45-51 (യോഹ 10:11-18 / യോഹ 14:1-6 / യോഹ 15:9-17) **അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് തിരുമേനിയുടെ ഓർമ്മ (1998)** നിഖ്യായിലെ 318 പിതാക്കൻമാർ
4	ബു	1 കോറി 4:6-14; ലൂക്കോ 6:37-42
5	വ്യാ	ഹെബ്രാ 12:4-11; യോഹ 5:19-23
6	വെ	1 തിമോ 6:17-19; ലൂക്കോ 7:36-50
7	ശ	1 കോറി 1:10-17; യോഹ 12:20-22 മിലിത്തീനിലെ 33 സഹദേൻമാർ
8	**ഞാ**	**ഹൂദോസ് ഈത്തൊ ഞായർ** (സഭയുടെ നവീകരണം) മർക്കോ 11:15-17; പുറ 32:1-14; 1 രാജാ 8:22-30; ജറെ 31:10-14, 22-26; ഏശ 55:1-13; വെളി 3:14-22; ഹെബ്രാ 9:1-14; യോഹ 2 :13-22 സകല മാലാഖമാർ

www.malankaralibrary.com

തീ	ദി	വിശേഷദിവസങ്ങളും വേദവായനക്കുറിപ്പുകളും
9	തി	ഹെബ്രാ 4:6-11; മത്താ 18:10-14 വി. തിയഡോർ
10	ചൊ	1 തിമോ 6:1-2; മത്താ 20:1-16 സാമുവൽ നിബിയാ, വി. ലിയോ മാർപാപ്പാ
11	ബു	എഫേ 2:14-22; മത്താ 9:14-17
12	വ്യാ	എഫേ 1:15-23; മർക്കോ 4:26-29 അലക്സാൺഡ്രിയായിലെ മാർ യോഹന്നാൻ
13	വെ	1 കോറി 2:6-15; മത്താ 13 :44-52 സ്വർണനാവുകാരനായ മാർ ഈവാനിയോസ് **അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുനാൾ**
14	ശ	1 കോറി 4:1-5; യോഹ 14:7-14 **മാർ ഫീലിപ്പോസ് ശ്ലീഹാ**
